വ്യാവസായികാവശ്യങ്ങൾക്കായി ഏറ്റെടുത്തതിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി

25 [2152] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുത്തതിൽ ഇനി എത്ര ഏക്കർ ഭൂമി ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം ഭൂമി ഇപ്പോൾ നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ 321.69 ഏക്കർ സ്ഥലവും കെ. എസ്. ഐ. ഡി. സി. യുടെ കീഴിലുള്ള വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ 746 ഏക്കർ സ്ഥലവും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്. കിൻഫ്ര, സിഡ്കോ എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കെ. എസ്. ഐ. ഡി. സി. യുടെ കീഴിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ ഇപ്പോൾ തന്നെ ഭൂമി അക്വയർ ചെയ്ത വിലയ്ക്കുതന്നെ തവണ വ്യവസ്ഥയിൽ വ്യാവസായിക ആവശ്യങ്ങൾക്കായി അലോട്ടു ചെയ്യുന്നുണ്ട്. കൂടുതൽ ഇളവുകൾ ഇപ്പോൾ പരിഗണനയിലില്ല.

മഞ്ചേരിയിലെ ഫാംഗ്ഷണൽ എസ്റ്റേറ്റ്

26 [2153] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ഫാംഗ്ഷണൽ എസ്റ്റേറ്റിൽ എത്ര വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ജലം ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ ഇത് ലഭ്യമാക്കാൻ നടപടിയെടുക്കുമോ;

(ഡി) ഇതിനുള്ള നടപടി എന്നത്തേയ്ക്ക് സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സിഡ്കോയുടെ അധീനതയിൽ മഞ്ചേരിയിലുള്ള വ്യവസായ എസ്റ്റേറ്റിൽ 25 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ജലക്ഷാമം നിലവിലുണ്ട്.

(സി—ഡി) മഞ്ചേരി ഫാംഗ്ഷണൽ എസ്റ്റേറ്റിലേയ്ക്ക് ജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ്റ്റേറ്റിനോട് ചേർന്ന് പത്ത് സെന്റ് സ്ഥലവും ഒരു കുളവും അക്വയർ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജലക്ഷാമം എത്രയും വേഗം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly